ഉത്തരം

(എ) ഇത്തരം മുന്നറിയിപ്പു ലഭിക്കുമ്പോൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ വഴിയും മറ്റ് തീരദേശ ജില്ലാ ഓഫീസർമാർ വഴിയും വാർത്താമാദ്ധ്യമങ്ങളിൽ കൂടി പ്രചരണം നൽകുകയും കൂടാതെ തീരദേശത്ത് വ്യാപകമായ പ്രചാരണം നൽകുകയും ചെയ്യുന്നു.

(ബി) പ്രസ്തുത വിവരം ലഭിച്ചാൽ ഉടൻ രക്ഷാബോട്ടുകൾ ഉപയോഗിച്ച് രക്ഷാപ്രവർത്തനത്തിനായി തിരച്ചിൽ നടത്തുന്നു. ഇത്തരം ബോട്ടിൽ പരിശീലനം സിദ്ധിച്ച ലൈഫ് ഗാർഡുകളുടെ സേവനവും വയർലെസ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ നേവിയുടെയും കോസ്റ്റ് ഗാർഡിന്റേയും സേവനവും ഉപയോഗപ്പെടുത്തി വരുന്നു.

മത്സ്യബന്ധനകേന്ദ്രങ്ങളിൽ ബോട്ടുകൾ തീവച്ച് നശിപ്പിക്കുന്ന സംഭവം

107 [270] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനകേന്ദ്രങ്ങളിൽ ബോട്ടുകൾ തീവെച്ച് നശിപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഫിഷിംഗ് ബോട്ടുകൾ നശിപ്പിച്ച എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഇ) മത്സ്യബന്ധനകേന്ദ്രങ്ങളിൽ നിലവിൽ എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനാപ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും ബോധവൽക്കരണം നടത്തിയും കടലിൽ പട്രോളിംഗ് ശക്തമാക്കിയും സമാധാന അന്തരീക്ഷം ഉറപ്പുവരുത്തുന്നു.

(സി) 41 കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നൽകിവരുന്നു.

(ഇ) പ്രദേശിക പോലീസ് അധികാരികളുടെ റോന്ത് ചുറ്റലും തീരദേശ സേനയുടെ സേവനവും കൂടാതെ കടലിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും റോന്ത് ചുറ്റി സമാധാന അന്തരീക്ഷവും സുരക്ഷയും ഉറപ്പു വരുത്തുന്നു.

കടൽക്ഷോഭംമൂലം ഉണ്ടായ നഷ്ടത്തിന് ധനസഹായം

108 [271] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 6-5-2004-ന് ഉണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന ബോട്ടും ഉപകരണങ്ങളും നശിച്ചുപോയ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലാ കളക്ടർക്ക് ആവശ്യമായ നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

109 [272] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റു വഴി മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനും, ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ലാട്രിൻ സൗകര്യത്തിനും നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ വർഷത്തെ ന്യൂനമർദ്ദവും അതിവർഷവുംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്കും, വീടിന് കേടുപാടുകൾ സംഭവിച്ചവരുമായ എല്ലാപേർക്കും പുതുതായി ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly